(ഡി) ഉന്നയിച്ചിട്ടില്ലെങ്കിൽ ഈ ഫയൽ സമർപ്പിക്കുവാൻ ഉണ്ടായ കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിക്കുന്നതിന് 13-2-2013 തീയതിയിലെ സ.ഉ.(പി) നമ്പർ 78/13/ധന. ഉത്തരവ് പ്രകാരം സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട 84270/എഡിഎംഎൻ/സി1/ഫിൻ/13 എന്ന ഫയൽ 1-10-2013-ൽ ആണ് ആരംഭിച്ചത്. ഈ ഫയലിൽ നടപടികൾ തുടർന്നുവരികയാണ്. ഫയൽ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പരിശോധിച്ചുവരുന്നു.

(സി&ഡി) ഈ സ്ഥാപനം തുടങ്ങുന്നതിനുള്ള നിർദ്ദേശം സംസ്ഥാന ആസൂത്രണ ബോർഡ് പരിശോധിച്ചപ്പോൾ സമാന ലക്ഷ്യങ്ങളുള്ള മറ്റ് നിരവധി സ്ഥാപനങ്ങൾ ഉള്ളതായും വ്യക്തമായ മാർഗ്ഗരേഖയോ സ്ഥാപനത്തിന്റെ ഘടനയെക്കുറിച്ചുള്ള നിർദ്ദേശങ്ങളോ സമർപ്പിച്ചിട്ടില്ലായെന്നും ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ നിർദ്ദേശം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

കോഴി കർഷകരുടെ വാർഷിക വിറ്റുവരവ്

132 (6583) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കോഴി വളർത്തി ഉപജീവനം നടത്തുന്ന ആളുകൾക്ക് വാർഷിക വിറ്റുവരവിൽ പരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ നടപടി ഏതുവരെയായി എന്നു വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം ഒരു സാമ്പത്തിക വർഷം 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള ഒരു വ്യാപാരി താൻ വിൽക്കുന്ന നികുതി വിധേയമായ ചരക്കുകൾക്ക് നികുതി പിരിച്ചുനൽകേണ്ടതുണ്ട്. കോഴിയും കോഴി ഇറച്ചിയും കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം 14.5 ശതമാനം നികുതിക്ക് വിധേയമാണ്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly